LIBRARY ARCHIVES Kerala Legislative Assembly

(ബി) പെട്രോൾ, ഡീസൽ എന്നിവയുടെ ക്രമാതീതമായ വില വർദ്ധനവ് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടയിൽ പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന നികുതി നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ 6-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്.

നികുതി പിരിവിലെ കുറവ്

122 (507) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ഏർപ്പെടുത്തിയ ശേഷം ഓരോ വർഷവും സംസ്ഥാന സർക്കാർ പ്രതീക്ഷിച്ച നികുതിപിരിവിൽ എത്ര കുറവുണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽനിന്നും 2017-18-ൽ 19,62.02 കോടി രൂപയും 2018-19-ൽ 1,455.39 കോടി രൂപയും 2019-20-ൽ 3,373.22 കോടി രൂപയുടെയും കുറവ് വന്നിട്ടുണ്ട്. 2020-21-ൽ 412.58 കോടി രൂപ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽനിന്നും അധികം ലഭിച്ചിട്ടുണ്ട്. 2021-22 ആഗസ്റ്റ് 21 വരെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽനിന്നും 8,345.89 കോടി രൂപ പിരിച്ചിട്ടുണ്ട്. 2017-18 മുതൽ 2021-22 ആഗസ്റ്റ് 30 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്), ഐ.ജി.എസ്.ടി. Adhoc ആയി ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉപഭോക്തൃ സംസ്ഥാനമായ നമ്മുടെ സംസ്ഥാനത്ത് ജി.എസ്.ടി. നേട്ടമാകുമെന്ന് വിലയിരുത്തിയിരുന്നിട്ടും നികുതി വരുമാനത്തിൽ കുറവുണ്ടാകുന്ന സാഹചര്യം സംജാതമായതെങ്ങനെയെന്ന് വ്യക്തമാക്കാമോ; നികുതി വകുപ്പിനെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടരീതിയിൽ സജ്ജമാക്കാൻ കഴിയാത്തതാണ് ഇതിന് കാരണം എന്ന് കരുതുന്നുണ്ടോ?

ജി.എസ്.ടി. ഡെസ്റ്റിനേഷൻ നികുതി സമ്പ്രദായം ആയതിനാൽ, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. കൂടാതെ സേവനമേഖലയിലും നികുതി ചുമത്താമെന്നതിനാൽ ഈ മേഖലകളിൽനിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ പ്രതീക്ഷിച്ച വരുമാനം ലഭ്യമായില്ല. ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽനിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% (എസ്.ജി.എസ്.ടി. 14%) നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18% (9% എസ്.ജി.എസ്.ടി.), 12% (6% എസ്.ജി.എസ്.ടി.) എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി. നികുതി എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്നുവന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്നുണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ദേശീയതലത്തിൽ ജി.എസ്.ടി. വരുമാനം വർദ്ധിക്കുമ്പോഴും സംസ്ഥാനത്ത് ജി.എസ്.ടി.-യിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിയാത്തത് നികുതിപിരിവിലെ കാര്യക്ഷമത കുറവുമൂലമാണെന്ന് കരുതുന്നുണ്ടോ; വാറ്റ് കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കാൻ കഴിയാത്തത് ഇതിനുകാരണമായതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ദേശീയതലത്തിലുള്ള ജി.എസ്.ടി. വരുമാന വർദ്ധനയ്ക്ക് ആനുപാതികമായി കേരളത്തിലും ജി.എസ്.ടി. വരുമാന വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേയ്ക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ (2020-21) ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ചു മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽനിന്നും വ്യത്യസ്തമായി ഈ വർഷത്തെ (2021-22) ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കുമെന്നാണ് കരുതുന്നത്. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഏകദേശം 271 കോടി രൂപയും ഈ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം 16-9-2021 വരെ 52.32 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

ജി.എസ്.ടി. നഷ്ടപരിഹാരം

123 (508) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ .കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ജി.എസ്.ടി. സംബന്ധിച്ച നഷ്ടപരിഹാര വ്യവസ്ഥയുടെ കാലയളവ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജി.എസ്.ടി.-യുടെ പുനഃസംഘടന എന്ന ആവശ്യം കേന്ദ്ര സർക്കാരിന് മുമ്പിൽ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

2021 സെപ്തംബർ മാസം നടന്ന 45-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. തുടർന്ന് മന്ത്രിമാരുടെ ഒരു സംഘത്തെ (ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്) ഇക്കാര്യം പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ജി.എസ്.ടി. കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.